## ഇതാ ഇവിടെയാണ്
# പാലക്കാട്ടെ ഭൂമിക്കയ്യേറ്റങ്ങൾ

### ആഗസ്റ്റ് 11 ന് പാലക്കാട് നടന്ന 'ഭൂമി, പരിസ്ഥിതി, മനുഷ്യൻ' കൺവെൻഷനിൽനിന്ന്

ഡോ. പി.എസ്. പണിക്കർ

പാലക്കാട് ജില്ലയിൽ 25000 ഏക്കർ വനഭൂമിയും 2500 ഏക്കർ പുഴ-പുറമ്പോക്കും 2000 ഏക്കർ റവന്യൂ പുറമ്പോക്ക് ഭൂമി ഇപ്പോഴും അന്യാധീനപ്പെട്ട് സ്വകാര്യ എസ്റ്റേറ്റ് ഉടമകളുടെയും വ്യക്തികളുടെയും കൈവശത്തിലാണ്. ഈ അനധികൃത കയ്യേറ്റം നടന്ന വനത്തിന്റെയും പരിസ്ഥിതിയുടെയും സംരക്ഷണത്തിനായി കയ്യേറ്റങ്ങൾ ഒഴിപ്പിച്ചെടുക്കാനായുള്ള ജനകീയ പ്രക്ഷോഭങ്ങൾ ഇവിടെ നടന്നുവരുന്നു. വനവിസ്തൃതി കുറഞ്ഞുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വനഭൂമി വനമായി സംരക്ഷിക്കപ്പെടുകയും, പുഴ-പുറമ്പോക്ക് പുഴയുടെ പാരിസ്ഥിതിക പുനഃസ്ഥാപനത്തിനായി ഉപയോഗിക്കപ്പെടുകയും റവന്യൂ-പുറമ്പോക്കുഭൂമി മുഴുവനും ആദിവാസികൾക്കും മറ്റ് അർഹരായ ഭൂരഹിത കർഷക ജനവിഭാഗങ്ങൾക്കായി പതിച്ചുനൽകുകയും ചെയ്യുക എന്നതാണ് പ്രക്ഷോഭങ്ങളുടെ പ്രധാന ആവശ്യം.

### ജില്ലയിലെ ഭൂമി കയ്യേറ്റങ്ങളുടെ വിശദവിവങ്ങൾ

**1. നെല്ലിയാമ്പതി**

നെല്ലിയാമ്പതിക്ക് സൈലന്റ്‌വാലിയെപ്പോലെത്തന്നെ പാരിസ്ഥിതിക പ്രാധാന്യമുണ്ട്. നെല്ലിയാമ്പതി റിസർവ്വ് വനത്തിന്റെ ഭാഗമാണിത്. 2003ൽ കേന്ദ്ര ഗവൺമെന്റ് നെല്ലിയാമ്പതിയെ ഇന്ത്യയിലെത്തന്നെ ഒരു പ്രധാന ഹിൽസ്റ്റേഷനായി അംഗീകരിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ഹിൽസ്റ്റേഷനുകളുടെ സംരക്ഷണത്തിനായുള്ള വിദഗ്ധസമിതിയുടെ നിർദ്ദേശങ്ങൾ ഇവിടെ പാലിക്കപ്പെടേണ്ടതുണ്ട്. നെല്ലിയാമ്പതി വനമേഖലയിൽ 52 തോട്ടങ്ങളാണുള്ളത്. മൊത്തം വിസ്തീർണ്ണം 8937.60 ഏക്കർ. ഇതിൽ പത്തെണ്ണത്തിനുമാത്രമേ പാട്ടക്കാലാവധിയുള്ളൂ. ഇതിൽ ഒഴിപ്പിച്ചെടുത്ത റോസറി, ബിയട്രിസ്, ക്ലിഫ്‌വ്യൂ, തൂത്തമ്പാറ എന്നീ എസ്റ്റേറ്റുകൾ വനംവകുപ്പിന്റെ അധീനതയിലും പകുതിപ്പാലം എസ്റ്റേറ്റ് കെ.എഫ്.ഡി.സി.യുടെ നിയന്ത്രണത്തിലുമാണ്. ഈ സ്വകാര്യതോട്ടം ഉടമകൾ സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് തിരുവിതാംകൂർ, കൊച്ചി, കൊല്ലങ്കോട് രാജാക്കന്മാരുമായി ഉണ്ടാക്കിയ പാട്ടക്കരാറുകൾ ആണ്. നാമമാത്രമായ പാട്ടത്തുകയാണ് ഇവർ സർക്കാരിന് നൽകുന്നത്. ഈ പാട്ടത്തുക കാലോചിതമായി വർദ്ധിപ്പിക്കുകയാണെങ്കിൽ പ്രതിവർഷം 1500 കോടിരൂപയുടെ അധികവരുമാനമുണ്ടാക്കാൻ കഴിയുമെന്ന് പ്ലാനിംഗ് ബോർഡ് നിരവധി തവണ ചൂണ്ടിക്കാണിച്ചിട്ടും, അധികാരത്തിലിരുന്ന സർക്കാരുകളൊന്നും തന്നെ അത് വർദ്ധിപ്പിക്കുവാൻ തയ്യാറായിട്ടില്ല. നിയമപരമായി നിലനിൽപ്പില്ലാത്ത ഈ പാട്ടക്കരാറുകളുടെ ഉടമസ്ഥാവകാശം പലതവണ വ്യവസ്ഥകൾക്ക് വിരുദ്ധമായി കൈമാറിയിട്ടുണ്ട്. ഈ തോട്ടങ്ങളെല്ലാംതന്നെ കരാർവ്യവസ്ഥകൾ ലംഘിച്ചിട്ടുണ്ടെന്ന് മാത്രമല്ല, സമീപത്തുള്ള റിസർവ്വ് വനവും കയ്യേറിയിട്ടുണ്ട്. ഇവയെല്ലാം നെല്ലിയാമ്പതി റിസർവ്വ് വനത്തിന്റെ ഭാഗമായ ഈ പ്രദേശം 1961-ലെ കേരള ഫോറസ്റ്റ് ആക്ട് അടക്കമുള്ള നിയമങ്ങൾ ബാധകമാണ്. ഈ സ്വകാര്യതോട്ടങ്ങളെല്ലാം ഏറ്റെടുത്ത് വനംവകുപ്പിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരാൻ കഴിയണം. തൂത്തമ്പാറ എസ്റ്റേറ്റ് ഉൾപ്പെടെയുള്ള വനഭൂമി പ്രോജക്റ്റ് ടൈഗർ 2-ന്റെ കരുതൽമേഖലയിൽ കൊണ്ടുവരിക, നെല്ലിയാമ്പതി തോട്ടങ്ങളിലെ മുഴുവൻ തൊഴിലാളികളെയും വനസംരക്ഷണ പ്രവർത്തനങ്ങൾക്കായി നിയോഗിക്കുക, തരിശായി കിടക്കുന്ന ഓറഞ്ച് ഫാമിലെ സ്ഥലങ്ങൾ അവിടെ സമരത്തിലേർപ്പെട്ടിരിക്കുന്ന അർഹരായ ആദിവാസികൾക്ക് പതിച്ചുകൊടുത്ത് ആ പ്രശ്നത്തിന് കാലവിളംബമെന്യേ പരിഹാരം കണ്ടെത്തുക എന്നീ ആവശ്യങ്ങൾ നെല്ലിയാമ്പതിയുടെ സംരക്ഷണത്തിന് പ്രധാനമാണ്.

**2. അട്ടപ്പാടി**

അട്ടപ്പാടിയ്ക്ക് ആലപ്പുഴ ജില്ലയുടെ വലിപ്പമുണ്ട്. കേരളത്തിലെ ഏറ്റവും വലിയ ആദിവാസിമേഖലയായ അട്ടപ്പാടി സൈലന്റ്‌വാലിയുടെ കരുതൽ മേഖല കൂടിയാണ്. നീലഗിരി ബയോസ്ഫിയർ കരുതൽമേഖലയിലാണ് ഈ പ്രദേശം ഉൾപ്പെടുന്നത്. കേന്ദ്രഗവൺമെന്റ് അട്ടപ്പാടിയെയും ഒരു ഹിൽസ്റ്റേഷനായി അംഗീകരിച്ചിട്ടുണ്ട്. കെ.ജി.പി. എസ്റ്റേറ്റ് (405.21 ഏക്കർ), ശോഭ എസ്റ്റേറ്റ് (30.24 ഏക്കർ), ഭവാനി ടീ ആന്റ് പ്രൊഡ്യൂസർ കമ്പനി (103 ഹെക്ടർ) മാളിയേക്കൽ, ശിരുവാണി എസ്റ്റേറ്റ് എന്നിവയാണ് ഇവിടത്തെ പ്രധാന സ്വകാര്യതോട്ടങ്ങൾ. മണ്ണാർക്കാട് മൂപ്പിൽനായരുടെ കാലശേഷം അദ്ദേഹം പാട്ടത്തിന് നൽകിയതായി കൃത്രിമരേഖകൾ ചമച്ചുണ്ടാക്കിയ ഇവരുടെ പട്ടയങ്ങൾ നിയമപരമായി നിലനിൽക്കുന്നതല്ലെന്നും ഫോറസ്റ്റ് വിജിലൻസ് വിഭാഗം കണ്ടെത്തിയിട്ടുണ്ട്. പരേതനായ മുൻ പ്രധാനമന്ത്രി എസ്. ചന്ദ്രശേഖറുടെ

ഭാരതയാത്രാട്രസ്റ്റിന്റെ ഉമടസ്ഥതിയുള്ള മന്ദിരവും 22 ഏക്കറോളം വരുന്ന സ്ഥലവും അഗളിയിൽ ശിരുവാണിപ്പുഴയുടെ തീരത്തുണ്ട്. ആദിവാസി ഭൂമിയാണിത്. ആദിവാസി ക്ഷേമത്തിനെന്നും പറഞ്ഞ് പൊതുജനങ്ങളിൽനിന്നും പണം പിരിച്ച് നിർമ്മിച്ചതാണിത്. എന്നാൽ ഇന്നേവരെ ആദിവാസികൾക്ക് ഈ കേന്ദ്രം ഒരു തരത്തിലും പ്രയോജനപ്പെട്ടില്ല. ഇവിടത്തെ ബഹുഭൂരിപക്ഷം ആദിവാസികളും ഭൂരഹിതരായി കഴിയുന്നു. ഇവരുടെ ഭൂമി അന്യാധീനപ്പെട്ടതാണ്. 1975ലെ ആദിവാസി ഭൂമി അന്യാധീനപ്പെടലും വീണ്ടെടുക്കലും നിയമമനുസരിച്ച് ഇവർക്ക് അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുത്ത് നൽകിയിട്ടില്ല. ഇവരുടെ ഭൂമി പ്രശ്നം രമ്യമായി പരിഹരിക്കുവാൻ സർക്കാരിന് ഇനിയും കഴിഞ്ഞിട്ടില്ല.

മലമ്പുഴ അകമലവാരം നീലഗിരി ബയോസ്ഫിയർ കരുതൽമേഖലയിൽപ്പെടുന്നു. മലമ്പുഴ ജലാശയത്തിന്റെ മർമ്മപ്രധാനമായ വൃഷ്ടിപ്രദേശമാണിത്. എലാക്കാ എസ്റ്റേറ്റ് (1000 ഏക്കർ), ജി.പി. നായർ എസ്റ്റേറ്റ് (1300 ഏക്കർ), ആതുരാശ്രമം എസ്റ്റേറ്റ് (300 ഏക്കർ), വി.സി. ലൂക്കോസ് എസ്റ്റേറ്റ് (600 ഏക്കർ), എൻ.സി. തോമസ് എസ്റ്റേറ്റ് (327 ഏക്കർ), ഏമൂർ ദേവസ്വം (17 ഏക്കർ) വനംവകുപ്പ് (828, 289, 88 ഏക്കറിലായി രണ്ടുതോട്ടങ്ങൾ എന്നിവയാണ് ഇവിടത്തെ പ്രധാന തോട്ടങ്ങൾ. മൊത്തം 5116.88 ഏക്കർ. സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് നാമമാത്രമായ തുകയ്ക്ക് ഏമൂർ ദേവസ്വത്തിൽനിന്ന് പാട്ടത്തിനെടുത്തിട്ടുള്ള ഭൂമിയെല്ലാം സർക്കാർ ഏറ്റെടുക്കുന്നതിന് യാതൊരു തടസ്സവും നിലനിൽക്കുന്നില്ല. എലാക്കാ എസ്റ്റേറ്റുകാർ ഇന്റർനെറ്റ് വഴി വിദേശ ടൂറിസ്റ്റുകളെ ഇങ്ങോട്ടാകർഷിച്ച് അനധികൃതമായി പണം ഉണ്ടാക്കുന്നുണ്ട്. ഇവയെല്ലാം ഒഴിപ്പിച്ച് വനംവകുപ്പിന്റെയോ പ്ലാന്റേഷൻ കോർപ്പറേഷന്റെയോ മേൽനോട്ടത്തിൽ കൊണ്ടുവന്ന് സംരക്ഷിക്കപ്പെടണം.

**4. മലമ്പുഴ**

എ) മലമ്പുഴ വില്ലേജ് 2-ൽ വിനോദസഞ്ചാര കേന്ദ്രം സർവ്വേനമ്പർ 213-ൽ 186 ഏക്കറിൽ മത്സ്യം വളർത്തൽ കേന്ദ്രത്തിന് സമീപം വ്യാപാരിവ്യസായി പ്രമുഖൻ ജോബി വി. ചുങ്കത്തിന്റെ ഭാര്യ കെ.ജെ. മീന കൈവശപ്പെടുത്തിയിരിക്കുന്ന ഒരേക്കർഭൂമിയും അതിലുള്ള 'പവിഴം ഗസ്റ്റ് ഹൗസും' ഗസ്റ്റ്ഹൗസിനുമാത്രം 20 ലക്ഷം രൂപ വിലയുണ്ട്. ഈ സ്ഥലവും കെട്ടിടവും 30-7-2003ന് കോടതി ഉത്തരവുപ്രകാരം റവന്യൂ അധികാരികൾ ഒഴിപ്പിച്ച് ഇറിഗേഷൻ വകുപ്പിന് കൈമാറിയതാണ്. എന്നാൽ ഇതിനെതിരെ അവർ ഹൈക്കോടതിയിൽനിന്നും സ്റ്റേ ഓർഡർ സമ്പാദിച്ചു. ഈ സ്റ്റേ നീക്കുന്നതിന് യാതൊരു ശ്രമവും നടത്തുന്നില്ല.

ബി) മലമ്പുഴ റോക്ക് ഗാർഡനെതിരെ ഇതേ സർവ്വേ നമ്പറുള്ള ട്രൈപെന്റാ ഹോട്ടലിന്റെ കോമ്പൗണ്ടിലുള്ള ഒരേക്കർഭൂമിയും അതിന് മുൻവശമുള്ള ഭൂമിയും.

സി) അതിനുതൊട്ട് സ്റ്റാൻലിയുടെ അധീനതയിലുള്ള രണ്ടര ഏക്കർ പുരയിടം. ഇതിനും കോടതിയുടെ സ്റ്റേ ഉണ്ടെന്ന് പറയപ്പെടുന്നു.

ഡി) അതിന് തൊട്ടുമുകളിൽ കണിമംഗലം രാജമ്മ കരുണാകരനിൽനിന്നും ഒഴിപ്പിച്ചെടുത്ത ഒരേക്കർ റബ്ബർതോട്ടം. ഇത് സംരക്ഷിക്കുന്നതിന് ഇറിഗേഷൻ വകുപ്പ് വേണ്ട നടപടികൾ ഇനിയും കൈക്കൊണ്ടിട്ടില്ല.

ഇ) മലമ്പുഴ ജലാശയത്തിൽ കടുക്കാംകുന്നം രാമകൃഷ്ണന്റെ അധീനതയിലുള്ള 12 ഏക്കർ റബ്ബർതോട്ടം (മലമ്പുഴ വില്ലേജ് 2 റീസർവ്വേ നമ്പർ 605) കേരള നിയമസഭ സബ്ജക്ട് കമ്മിറ്റി ഇതൊഴിപ്പിക്കാൻ ശുപാർശ നൽകിയെങ്കിലും ഇതേവരെ യാതൊരു നടപടിയും കൈക്കൊണ്ടില്ല. ഇവിടെയും കോടതി സ്റ്റേ ഉണ്ടെന്നാണ് പറയുന്നത്. മേൽപ്പറഞ്ഞ അഞ്ചുസ്ഥലങ്ങളും Defence of India Rules 1962 അനുസരിച്ച് സംരക്ഷിത പ്രദേശമാണ്. (GOEMS No. 329 Home (Splss) Dept dtd 28/6/1963) ഇതിൽപ്പറയുന്ന 2, 3, 4 സ്ഥലങ്ങൾ പാലക്കാട് കഞ്ചിക്കോട് റോഡ് നിർമ്മാണത്തിനുമായി നീക്കിവച്ചിട്ടുള്ളതാണ്. ഈ കയ്യേറ്റങ്ങൾക്കെതിരെ മലമ്പുഴ ഡാം സംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ ജനകീയപ്രക്ഷോഭം നടന്നുവരുന്നു.

എഫ്) മലമ്പുഴ ഇറിഗേഷൻ പ്രോജക്റ്റ് LBC, RBC കനാൽബണ്ടുകളിലെ കയ്യേറ്റങ്ങൾ.

5) കടുക്കാംകുന്നം, മുക്കൈപ്പുഴ കമ്മിറ്റി കൃഷിസ്ഥലമാക്കിയിട്ടുള്ള 100 ഏക്കർ ഭൂമി. മുക്കൈപ്പുഴ മുതൽ മലമ്പുഴ വരെ പുഴയുടെ ഇരുവശവുമുള്ള കയ്യേറ്റങ്ങൾ.

6) കൽപ്പാത്തിപ്പുഴ, പുതിയപാലം, ഒലവക്കോട് ഭാഗത്തുള്ള 60 ഏക്കർ തെങ്ങിൻതോപ്പ്, പ്രൊഫ. എ.വി. താമരാക്ഷൻ അദ്ധ്യക്ഷനായ കേരള നിയമസഭയുടെ പരിസ്ഥിതിക്കമ്മിറ്റി 1999 ജൂണിൽ ഈ കയ്യേറ്റം ഒഴിപ്പിച്ച് പുഴ സംരക്ഷിക്കുന്നതിന് പാലക്കാട് ആർ.ഡി.ഒ.ക്ക് നിർദ്ദേശം നൽകിയിരുന്നു. 2005-ൽ റിവർ മാനേജ്മെന്റ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം സർവ്വേ ചെയ്ത് അതിർത്തിക്കല്ലുകൾ ഇട്ടുവെങ്കിലും ഇനിയും കയ്യേറ്റക്കാരെ ഒഴിപ്പിച്ചിട്ടില്ല. കല്പാത്തിപ്പുഴ സംരക്ഷണസമിതിയുടെ ആഭിമുഖ്യത്തിൽ പ്രക്ഷോഭം നടന്നുവരുന്നു.

7) കഞ്ചിക്കോട് കോരയാറിന്റെ ഇരുകരകളിലും ഉള്ള ഇരുമ്പുരുക്ക് ഫാക്ടറികളും സ്വകാര്യവ്യക്തികളും കയ്യേറിയ 125 ഏക്കർ പുഴ-പുറമ്പോക്ക്.

8) ഭാരതപ്പുഴയിൽ ലക്കിടി മുതൽ കുമ്പിടിവരെയുള്ള പുഴകയ്യേറ്റങ്ങൾ.

9) കുന്തിപ്പുഴയിൽ മണ്ണാർക്കാട് ആറാട്ടുകടവ്, മാപ്പിളക്കടവ്, ശ്മശാനക്കടവ് ഉൾപ്പെടെ 100 ഏക്കർ പുഴ കയ്യേറ്റം.

10) തുപ്പനാട് പുഴയിലെ ഇരുകരകളിലുമുള്ള പുഴ കയ്യേറ്റങ്ങൾ.

11) ഗായത്രിപ്പുഴയുടെ ഇരുകരയിലുമുള്ള പുഴ

# മാവൂരിൽ മലിനീകരണം ഇല്ലാത്ത പുതിയ വ്യവസായം തുടങ്ങണം

പി.കെ.എം. ചേക്കു

അടച്ചുപൂട്ടിയ മാവൂർ ഗ്രാസിം ഫാക്ടറിക്ക് പകരമായി മാവൂരിൽ തുടങ്ങാൻ പോകുന്ന പുതിയ വ്യവസായം തീർത്തും മലിനീകരണമില്ലാത്തതും നാട്ടുകാർക്ക് ജോലി ലഭിക്കുന്നതുമാവണമെന്ന ആവശ്യം ഉയർന്നിരിക്കുകയാണ്. ഇപ്പോൾ മാവൂരിൽ ആരംഭിക്കാൻ പോകുന്ന ഐ.ടി.എ. ടെക്നോപാർക്ക് സാധാരണക്കാർക്ക് ജോലി ലഭിക്കാൻ സാധ്യത ഇല്ലാത്തതിനാൽ നാട്ടുകാർക്കിടയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുവാനേ ഉപകരിക്കൂ. അതിനാൽ നാട്ടുകാർക്ക് തൊഴിൽ ഉറപ്പ് വരുത്തുന്ന വ്യവസായമാണ് നാട്ടിനാവശ്യം. കഴിഞ്ഞ പത്ത് ദിവസത്തോളമായി 1974-ലെ രാമനിലയം കരാറിന് വിരുദ്ധമായി മാവൂർ ഗ്രാസിം ഫാക്ടറി ലഗൂണിലെ ടാങ്കിൽ സംഭരിച്ച് നിർത്തിയ മലിനജലം ശുദ്ധീകരിക്കാതെ മാവൂർ വയലിലേക്ക് അതുവഴി ചാലിയാറിലേക്കും ഒഴുക്കിവിട്ടതുമൂലം മത്സ്യങ്ങൾ ചത്തുപൊങ്ങുകയും പ്രദേശമാകെ മലീമസമാവുകയും ചെയ്തിരുന്നു. വിഷജലം ഒഴുക്കിയ ലഗൂണിലെ ചോർച്ച ഇതുവരെ തടയാൻ അധികൃതർക്ക് കഴിഞ്ഞിട്ടില്ല. ഇപ്പോഴും മലിനജലം മാവൂർ വയലിലേക്കും അവിടെനിന്ന് ചാലിയാറിലേക്കും ഒഴുകിയെത്തുകയാണ്. ഇത് ഗുരുതരമായ പാരിസ്ഥിതികപ്രശ്നത്തിന് ഇടയാവുകയും പരിസരവാസികളുടെ ജീവിതം ദുസ്സഹമാവുകയും ചെയ്തിരിക്കുകയാണ്.

ഇത് വിരൽചൂണ്ടുന്നത് ഫാക്ടറിക്കകത്ത് ഇപ്പോഴും മാരകമായ രാസവസ്തുക്കളുടെ സാമീപ്യം ഉണ്ടെന്നതാണ്. ഇത് നിർവീര്യമാക്കുകയും ഇതിനെക്കുറിച്ച് പഠിക്കാൻ ഒരു വിദഗ്ധ സമിതിയെക്കൊണ്ട് അന്വേഷണം നടക്കുകയും വേണം. അതിനുശേഷം മതി ഫാക്ടറിയുടെ മിഷനറി പൊളിച്ചുനീക്കൽ. ഈ പ്രശ്നം ഉയർത്തിപ്പിടിച്ച് മാവൂരിൽ വിവിധ സംഘടനകളുടെ ആഭിമുഖ്യത്തിൽ പ്രക്ഷോഭ പരിപാടികൾ നടന്നുവരികയാണ്.

*മാമായിൽ വീട്, കായലം പി.ഒ., വഴി മാവൂർ*

കയ്യേറ്റങ്ങൾ.

12) മംഗലം പുഴയുടെ ഇരുകരകളിലുമുള്ള കയ്യേറ്റങ്ങൾ.

13) ചിറ്റൂർ-കണ്ണാടിപ്പുഴയുടെ ഇരുകരകളിലുമുള്ള കയ്യേറ്റങ്ങൾ

14) ധോണി മലയിൽനിന്നുത്ഭവിച്ച് കല്പാത്തിപ്പുഴയിൽ ചേരുന്ന കരിപ്പാലി അരുവി 300 ഏക്കർ കയ്യേറ്റം.

15) ഒരു നൂറ്റാണ്ടിലേറെ പഴക്കമുള്ള നൂറണി ഹിന്ദു ഹൈസ്കൂൾ പ്ലേ ഗ്രൗണ്ടിന്റെ അഞ്ചേക്കർ 19 സെന്റ് (പാലക്കാട് വില്ലേജ് 1) റിയൽ എസ്റ്റേറ്റ് മാഫിയ കയ്യേറിയിരിക്കുന്നു. മഞ്ഞക്കുളത്ത് മന്നംചിറ റോഡിൽ ബസ്സ്റ്റാന്റിനും ലോറി സ്റ്റാന്റിനും ആയി നീക്കിവെച്ച സ്ഥലങ്ങൾ (2.1426 ഹെക്ടർ)

16) ഷൊർണൂർ പരുത്തിപ്ര എസ്.എൻ. ട്രസ്റ്റ് സ്കൂൾ കയ്യേറിയിട്ടുള്ള ഷൊർണൂർ 2 വില്ലേജിൽ സർവ്വേനമ്പർ 381-ൽപ്പെട്ട 7 ഏക്കർ വനം.

17) നെന്മാറ ഫോറസ്റ്റ് ഡിവിഷൻ, ആലത്തൂർ റേഞ്ച്, ചാലക്കുഴിബീറ്റ് ഐറ്റം നമ്പർ 37/4 പാലക്കുഴി പുഴയ്ക്കലിടം മലവാരം 400 ഏക്കർ വനം. 1971-ൽ നിക്ഷിപ്തവനമായി പാലക്കാട് രാജവംശത്തിൽനിന്ന് ലഭിച്ചു. 60 കുടുംബങ്ങൾ ഇവിടെ കയ്യേറി മരങ്ങൾ മുറിച്ച് വീടുവെച്ച് താമസിക്കുന്നു. 2000-ാമാണ്ടിൽ റവന്യൂ മന്ത്രി കെ.ഇ. ഇസ്മയേൽ ഇവർക്ക് പട്ടയം നൽകാൻ ശ്രമിച്ചെങ്കിലും ചില റവന്യൂ ഉദ്യോഗസ്ഥരുടെ എതിർപ്പുമൂലം അത് വിജയിച്ചില്ല. ഇത് നെന്മലയുടെ താഴ്വാരത്തുള്ള പാരിസ്ഥിതിക പ്രാധാന്യമുള്ള വനമാണ്.

18) എലപ്പുള്ളി-താണിപ്പള്ളത്ത് കോരയാറിന്റെ തീരത്ത് പുഴ കയ്യേറി ഒഴുക്ക് തിരിച്ചുവിട്ട് റോഡ് നിർമ്മിച്ചും ഹരിജനങ്ങൾക്ക് നൽകിയ മിച്ചഭൂമി കരസ്ഥമാക്കിയും വഴിതടഞ്ഞും കെ.എൽ.യു. ലംഘിച്ചും 15 ഏക്കറോളം കൃഷിഭൂമി നിയമവിരുദ്ധമായി ഒരു ബ്രിട്ടീഷ് പൗരനായ നീഗ്രോ ആന്റണി ഡിക്കൊസ്താ കൈവശപ്പെടുത്തിയിട്ടുണ്ട്. മുള്ളുവേലി കെട്ടിയടച്ച് കൂറ്റൻഗേറ്റ് സ്ഥാപിച്ച് മൂന്ന് റിസോർട്ടുകൾ നിർമ്മിച്ചിട്ടുണ്ട്. ഇദ്ദേഹം ഇവിടത്തെ പാവപ്പെട്ടവരായ കർഷകർക്ക് ഭീഷണി ഉയർത്തുന്നുണ്ട്.

19) പാലക്കാട് മുനിസിപ്പാലിറ്റിയിൽ കല്പാത്തി തോട്ടുപാലം തോട്ടിപ്പറമ്പിൽ വച്ചവീട് താരേക്കാട് ആതേരിക്കുളം സമീപമുള്ള തോട്ടിപ്പാത, വലിയങ്ങാടി ബിഗ്ബസാർ ഹൈസ്കൂളിനു സമീപമുള്ള പുതിയ കുളം, കൽമണ്ഡപം ജംഗ്ഷൻ, താരേക്കാട് ബസ്സ്റ്റോപ്പിനെതിരെയുള്ള സ്ഥാപനങ്ങൾ.

(ജനജാഗ്രത, ഭാരതപ്പുഴ സംരക്ഷണസമിതി, ഭൂസമരസമിതി, കുന്തിപ്പുഴ-സൈലന്റ്‌വാലി സമിതി, സി.പി.ഐ (എം.എൽ.) തുടങ്ങിയവർ സംഘടിപ്പിച്ച കൺവെൻഷനിൽനിന്ന്)

*'പൗർണ്ണമി', തൊറപ്പാളയം, പാലക്കാട് - 1*